**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 264** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഡൗറി പ്രൊഹിബിഷൻ ഓഫീസർ നിയമനം, 'കനൽ' പദ്ധതി പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് ഡൗറി പ്രൊഹിബിഷൻ ഓഫീസർമാരെ നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് 14 ജില്ലകളിലും ഡൗറി പ്രൊഹിബിഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | സ്ത്രീ സുരക്ഷയ്ക്കായി നടപ്പിലാക്കിയ കനൽ പദ്ധതിയുടെ പ്രവർത്തനം വ്യക്തമാക്കാമോ? | (ബി) | സ്ത്രീ സുരക്ഷയ്ക്കായി നടപ്പിലാക്കിയ കനൽ പദ്ധതിയുടെ പ്രവർത്തനം അനുബന്ധം Iൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി വനിതാ ശിശു വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നിതിനൊപ്പം ലിംഗ അസമത്വം, സ്ത്രീധന-ഗാർഹിക പീഡനം ഇവയ്ക്കെതിരെ സമൂഹത്തിൽ വ്യാപക ബോധവൽക്കരണ പരിപാടികൾ 'കനൽ കർമ്മ പദ്ധതി'എന്ന പേരിൽ നടത്തി വരുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായുള്ള അതിക്രമങ്ങളും ലിംഗ വിവേചനങ്ങളും തടയുന്നതിനായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന്, വനിതാശിശുവികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ സ്ത്രീ-ശിശു സുരക്ഷാ പദ്ധതികളെയും നിയമങ്ങളെയും കുറിച്ച് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓൺലൈനായും കോവിഡ് നിയന്ത്രണങ്ങൾ പിൻവലിച്ച ശേഷം ഓഫ് ലൈനായും വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

സോഷ്യൽ മീഡിയ വ്യാപകമായി ഉപയോഗിക്കുന്നതും പുരോഗമനാശയങ്ങൾ വേഗത്തിൽ സമൂഹത്തിൽ പ്രതിഫലിപ്പിക്കുന്നതും യുവാക്കൾ ആയതിനാൽ, നമ്മുടെ സമൂഹത്തിൽ ആഴത്തിൽ വേരോടിയിരിക്കുന്ന ലിംഗ വിവേചനത്തിനെതിരെ സമൂഹത്തിൽ നിലനിൽക്കുന്ന പ്രാകൃത ചിന്താഗതിയെ മാറ്റി ലിംഗനീതി സമത്വത്തിൽ ഊന്നൽ നൽകുന്ന ഒരു പുതു തലമുറയെ വാർത്തെടുക്കുന്നതിനായി 'ഇനി വേണ്ട വിട്ടുവീഴ്ച' എന്ന പേരിൽ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിലൂടെ ലിംഗാവബോധ ക്യാമ്പയിനുകൽ നടത്തി വരുന്നു. കൂടാതെ ലിംഗ നീതി സമത്വം, സ്ത്രീ ശാക്തീകരണം എന്നിവയ്ക്ക് ഊന്നൽ നല്കി Equal Opportunity to work, The asset resource and capacity building, Voice and Agency, freedom for violence എന്നീ സൂചികകൾ അടിസ്ഥാനമാക്കി ഒരു ദീർഘകാല ക്യാമ്പയിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം ആവിഷ്കരിച്ച കനൽ കർമ്മ പദ്ധതി പ്രകാരം NSS, NCC, കോളേജ് യൂണിയൻ എന്നിവയുടെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ കോളേജ് വിദ്യാർത്ഥികൾക്കും ലിംഗാവബോധ ക്യാമ്പയിനുകൾ നൽകി വരുന്നു. നാളിതുവരെ 1052 സെഷനുകളിലൂടെ 725 കോളേജുകളിലെ 129569 വിദ്യാർത്ഥികളെ കനൽ ക്യാമ്പയിനിൽ പങ്കെടുപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ സ്ത്രീധന സമ്പ്രദായം, വിവാഹ ധൂർത്ത്, ശൈശവ വിവാഹം എന്നീ അനാചാരങ്ങൾക്കെതിരെ

വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ടെക്നിക്കൽ/ നോൺ ടെക്നിക്കൽ കോളേജുകളിലെ സിലബസിൽ പ്രസ്തുത വിഷയങ്ങൾ ഉൾപ്പെടുത്തുന്നതിന് കരിക്കുലം കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭാവിയിൽ എല്ലാ മേഖലകളിലും തുല്യ ജോലിയ്ക്ക് തുല്യ വേതനം, തുല്യതയോടെ ജീവിതം, സ്ത്രീയ്ക്ക് അന്തസ്സോടെ രാത്രികാലങ്ങളിൽ സഞ്ചരിക്കാനുംവിധമുള്ള പൊതുയിടങ്ങൾ, സാമൂഹിക, സാംസ്കാരിക രാഷ്ട്രീയ മേഖലകളിലുള്ള സ്ത്രീകളുടെ മുന്നേറ്റം, സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ ഇല്ലാതാക്കൽ, ഉണ്ടാകുന്ന അതിക്രമങ്ങൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുവാനും പരാതിക്കാരിയ്ക്ക് നീതി ലഭിക്കുവാനുമുള്ള അവസരം ഉണ്ടാകൽ തുടങ്ങിയവയാണ് വകുപ്പ് ലക്ഷ്യമിടുന്നത്. പ്രസ്തുത ലക്ഷ്യം കൈവരിയ്ക്കാനായി സംസ്ഥാനത്ത് സ്ത്രീ സുരക്ഷ ഉറപ്പാക്കാൻ ലിംഗ അസമത്വം, സ്ത്രീധന ഗാർഹിക പീഡനം ഇവയ്ക്കെതിരെ വിവിധ ദൃശ്യ ശ്രവ്യ മാദ്ധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും വ്യാപക പ്രചാരണം നടത്തി വരുന്നു. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ സ്ത്രീസുരക്ഷാ പദ്ധതികളെക്കുറിച്ചുള്ള പോസ്റ്ററുകളും, ചെറു വീഡിയോകളും, സോഷ്യൽ മീഡിയ, റേഡിയോ, വിവിധ മാഗസിനുകൾ എന്നിവ മുഖാന്തിരം പ്രചരിപ്പിച്ചു വരുന്നു.

Sd/-

സെക്ഷൻ ഓഫീസർ